# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി4/3838/2012.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 13/02/2012.

സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ.

1) ട്രെയിനിംഗ് ആഫീസർ,
   എല്ലാ ആർ.ഐ.സെന്ററുകളും.
2) പ്രിൻസിപ്പാൾ,
   ഐ.ടി.ഐ.ചെന്നീർക്കര, കട്ടപ്പന, അരീക്കോട്,
   കല്പറ്റ, കാസർഗോഡ്.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 96-ാമത് അഖിലേന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ്- മേയ് 2012-അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത്- നിർദ്ദേശങ്ങൾ സംബന്ധിച്ച്.

***************

2012 മേയ് മാസത്തിൽ നടക്കുന്ന 96-ാമത് അഖിലേന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റിന് അപ്രന്റീസ്ഷിപ്പ് ട്രെയിനികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം ഇതോടൊപ്പം അയയ്ക്കുന്നു. അപ്രന്റീസ്ഷിപ്പ് ട്രെയിനികളിൽ നിന്നും അപേക്ഷ സ്വീകരിക്കുവാനുള്ള അവസാന തീയതി 20/03/2012-ആണ്. അപേക്ഷകൾ സൂക്ഷമ പരിശോധനയ്ക്കു ശേഷം 26/03/2012 മുൻപായി ഈ കാര്യാലയത്തിൽ ലഭിയ്ക്കേണ്ട വിധത്തിൽ അയച്ചു തരേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുമ്പോഴും 'ബി'/'സി' ഫോറങ്ങൾ തയ്യാറാക്കുമ്പോഴും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.

***<u>നിർദ്ദേശങ്ങൾ.</u>***

*(i)* ബി/സി ഫോറങ്ങളിൽ ഇഞ്ചിനീയറിംഗ്/നോൺ ഇഞ്ചിനീയറിംഗ് ട്രേഡ് വ്യക്തമായി (ബോൾഡ്) ശീർഷകത്തിൽ കാണിച്ചിരിക്കണം.

*(ii)* സോഷ്യൽ സ്റ്റഡീസ്/എന്റർപ്രണർഷിപ്പ് & കമ്മ്യൂണിക്കേഷൻ സ്കിൽ വിഷയ ത്തിന്റെ മാർക്ക്, രജിസ്റ്റർ നമ്പർ, വിജയിച്ച വർഷം ഇവ ബന്ധപ്പെട്ട കോളത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. മാർക്കും രജിസ്റ്റർ നമ്പരും, വർഷവും

ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്താതെ ലഭിക്കുന്ന അപ്രന്റീസുകളുടെ പരീക്ഷാ ഫലം ഏതൊരു കാരണവശാലും പ്രസിദ്ധപ്പെടുത്തുന്നതല്ല. ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ട്രെയിനിംഗ് ആഫീസർ/പ്രിൻസിപ്പാൾ ക്കായിരിക്കും.

*(iii)* പല സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ബി/സി ഫാറങ്ങളിൽ തിയറി, പ്രാക്ടിക്കൽ വിഷയങ്ങളുടെ സെഷണൽ മാർക്കുകൾ രേഖപ്പെടുത്താതെയാണ് അയച്ചു തരുന്നത്. ആയത് ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. 'പാസ്സാ' ട്രേഡിന്റെ ബി/സി ഫാറങ്ങൾ തയ്യാറാക്കുമ്പോൾ പ്രാക്ടിക്കലിന് മാത്രം സെക്ഷണൽ മാർക്ക് രേഖപ്പെടുത്തിയാൽ മതിയാകും. (300+100(സെഷണൽ) മുൻകാലങ്ങളിലെന്ന പോലെ നൽകേണ്ടതാണ്.

*(iv)* ബി/സി ഫോറങ്ങളിൽ ഇഞ്ചിനീയറിംഗ്/നോൺ ഇഞ്ചിനീയറിംഗ് ട്രേഡുകൾക്ക് 520-നും (300(100)+100+(20) നോൺ ഐ.ടി.ഐ. (informal trades) ട്രേഡുകൾക്ക് സോഷ്യൽ സ്റ്റഡീസിന്റെ മാർക്ക് ( /50) ഉൾപ്പെടെ 570ലും (300+(100)+100+(20)+50), പാസ്സാ ട്രേഡിന് 500-നും (300+(100)+100) അഗ്രിഗേറ്റ് മാർക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

*(v)* ബന്ധപ്പെട്ട ആർ.ഐ.സെന്റർ/ഐ.ടി.ഐ.കൾക്ക് കീഴിൽ വരുന്ന 'സെൻട്രൽ എസ്റ്റാബ്ലിഷ്മെന്റ്' സ്ഥാപനങ്ങളുടെ 'സി' ഫോറങ്ങൾ പുതുക്കിയ മാതൃകാ ഫോറത്തിൽ മുകളിൽ പറഞ്ഞ രീതിയിൽ രേഖപ്പെടുത്തി "സെൻട്രൽ എസ്റ്റാബ്ലിഷ്മെന്റ്" എന്ന തലക്കെട്ടോടു കൂടി ബന്ധപ്പെട്ട ട്രെയിനിംഗ് ആഫീസർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി (നെയിം സീൽ, ആഫീസ് മുദ്ര ഉൾപ്പെടെ) അയച്ചു തരേണ്ടതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പുതുക്കിയ മാതൃകാ ബി/സി ഫാറങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തിയതിനു ശേഷം എ3 സൈസ് ബോണ്ട് പേപ്പറിൽ അസ്സൽ മൂന്നു പകർപ്പുകൾ അയച്ചു തരാവു.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

വിശ്വാസപൂർവ്വം,

സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർക്കു വേണ്ടി.

പി.സി.14/03.

D. MENEKSH PRASAD
Deputy Director (Planning)